പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1106** **04.02.2019-ൽ മറുപടിയ്ക്ക്**

## കരമന - വെള്ളറട റോഡിന്റെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ..ഐ.ബി. സതീഷ്** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കരമന - വെള്ളറട റോഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള എൽ.എ. പ്രോപ്പോസലും റിക്വസിഷൻ ഫോറവും പൂർണ്ണമായും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർണ്ണമായും സമർപ്പിക്കാനാകുമെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കരമന വെള്ളറട റോഡിന്റെ ആകെ 35.5 കിലോ മീറ്ററിൽ, 5.5 കി.മീ.മുതൽ 15.5 കി.മീ. വരെ 15/05/2018 ലും, 5.5 കി.മീ. മുതൽ 17.5 കിമീ. വരെ 18/09/2018 ലും, 17.5 കി.മീ.മുതൽ 29 കി.മീ.വരെ 22/01/2019 ലും ലാൻഡ് അക്വിസിഷൻ പ്രോപ്പോസലും റിക്വിസിഷൻ ഫോറവും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 29 കിലോ മീറ്റർ മുതൽ 35.5 കിലോ മീറ്റർ വരെയുള്ള റോഡിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ നടന്നു വരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജില്ലാ കളക്ടർക്ക് ലാൻഡ് അക്വിസിഷൻ പ്രോപ്പോസലും റിക്വിസിഷൻ ഫോറവും സമർപ്പിക്കാനാകുന്നതാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് തയ്യാറാക്കാനാകുമെന്ന് വിശദമാക്കാമോ; | (ബി) | ഡീറ്റെൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈവേ (ഡിസൈൻ വിങ്ങിനെ) ഏൽപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | റവന്യൂ വകുപ്പിന് കണ്ടിജൻസി ചാർജ് നൽകിയിട്ടുണ്ടോ; അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | റവന്യൂ വകുപ്പിന് കണ്ടിജൻസി ചാർജ് നൽകിയിട്ടുണ്ട്. ട്രഷറി ചെക്ക് മുഖേന 1.0724 കോടി രൂപ 8443-00-117-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ